പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2128 13.06.2019- ൽ മറുപടിയ്ക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ തുകയുടെ റീ-ഇംബേഴ്സ്മെന്റ്**

ചോദ്യം

ശ്രീ.വി.ടി.ബൽറാം

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ മോഹനകൃഷ്ണൻ എന്നയാളുടെ മകൻ അഭിനന്ദിന് കേൾവി ശക്തി ലഭിക്കുന്നതിനായുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിന്റെ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയുടെ ഫയൽ മന്ത്രിസഭയുടെ അംഗീകാരത്തിനായി 2018 ആഗസ്റ്റ് മാസത്തിൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നുവോ; | (എ), (ബി), (സി) & (ഡി) | സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ മകന്റെ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് ധനസഹായം ആവശ്യപ്പെട്ട് ശ്രീ.മോഹനകൃഷ്ണൻ വി.പി. മലപ്പുറം സമർപ്പിച്ച ഹർജി സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി തിരഞ്ഞെടുക്കുന്ന കുട്ടികൾക്കാണ് |
| (ബി) | പ്രസ്തുത വിഷയത്തിൽ പരാതിക്കാരന്റെ ആവശ്യം ന്യായമായതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭയുടെ | | |

| | | | |
|---|---|---|---|
| | അംഗീകാരം നൽകാവുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | | ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. ഒരു കേസിലും പ്രത്യേക പരിഗണന നല്കാറില്ല. |
| (സി) | പ്രസ്തുത വിഷയം സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി നിരവധി തവണ പരിശോധിച്ചതും അനുകൂല ശുപാർശ നൽകിയതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഇതുമായി ബന്ധപ്പെട്ട ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതില്ല എന്ന തീരുമാനം ബഹു.മുഖ്യമന്ത്രി എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**